കേരള സർക്കാർ

സംഗ്രഹം

ധനകാര്യ (പരിശോധനാ വിഭാഗം—നോൺ ടെക്നിക്കൽ) വകുപ്പ്—സർക്കാർ വാഹനങ്ങളുടെ ദുരുപയോഗം തടയൽ—പരിശോധന സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു

ധനകാര്യ (പരിശോധനാ വിഭാഗം—നോൺ ടെക്നിക്കൽ-എ) വകുപ്പ്

സ. ഉ. (പി) നമ്പർ 1213/2000/ധന. തിരുവനന്തപുരം, 2000 ഒക്ടോബർ 12.

സൂചന.—1. 13-11-1970-ലെ സ. ഉ. (പി) നമ്പർ 803/70/ധന.
2. 18-8-1998-ലെ സ. ഉ. (പി) നമ്പർ 1954/98/ധന.

ഉത്തരവ്

സർക്കാർ വാഹനങ്ങൾ ജീവനക്കാർക്ക് സ്വകാര്യ ആവശ്യത്തിന് ഒഴിച്ചുകൂടാൻ കഴിയാത്ത സാഹചര്യങ്ങളിൽ ഉന്നത അധികാരികളുടെ രേഖാമൂലമുള്ള അനുവാദത്തോടെ സൂചനയിലെ ഉത്തരവിൻ പ്രകാരം ഉപയോഗിക്കാവുന്നതാണ്. എന്നാൽ സർക്കാർ വാഹനങ്ങൾ ഷോപ്പിംഗ്, സിനിമ, മാർക്കറ്റ്, ആരാധനാലയങ്ങൾ, വിവാഹം, കുട്ടികളെ വിദ്യാലയങ്ങളിൽ എത്തിക്കുക തുടങ്ങിയ സ്വകാര്യ ആവശ്യങ്ങൾക്ക് ഉപയോഗിക്കുവാൻ പാടില്ല. ഇത്തരത്തിൽ സംസ്ഥാനത്ത് ഒട്ടാകെ സർക്കാർ വാഹനങ്ങളുടെ ദുരുപയോഗം തടയുന്നതിന് നിലവിലുള്ള ചട്ടങ്ങൾ കൂടുതൽ കർശനമാക്കേണ്ട ആവശ്യകത സർക്കാരിന് ബോദ്ധ്യപ്പെട്ടിരിക്കുന്നു.

മേൽ സാഹചര്യത്തിൽ പോലീസ്, ആരോഗ്യം, കൃഷി, പൊതുമരാമത്ത്, ജലസേചനം ഉൾപ്പെടെയുള്ള എല്ലാ സർക്കാർ വകുപ്പുകളുടെയും വാഹനങ്ങൾ ഓഫീസ് ആവശ്യത്തിനല്ലാതെ ഉപയോഗിക്കുന്നുണ്ടോ എന്ന് പരിശോധിക്കുവാൻ ധനകാര്യ പരിശോധനാ (നോൺ ടെക്നിക്കൽ) വിഭാഗത്തെ നിയോഗിച്ചുകൊണ്ട് ഉത്തരവാകുന്നു.

GPT. 4/4477/2000/DTP.

പോലീസ് ഡയറക്ടർ ജനറൽ ഉൾപ്പെടെ എല്ലാ വകുപ്പദ്ധ്യക്ഷന്മാരും വാഹനങ്ങളുടെ പരിശോധനയ്ക്ക് ധനകാര്യ പരിശോധനാ വിഭാഗവുമായി സഹകരിക്കുവാൻ വേണ്ട നിർദ്ദേശം തങ്ങളുടെ വകുപ്പിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് അടിയന്തിരമായി നൽകേണ്ടതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

വിനോദ് റായ്,

ധനകാര്യ പ്രിൻസിപ്പൽ സെക്രട്ടറി.

പബ്ലിക് റിലേഷൻസ് വകുപ്പ് ഡയറക്ടർ
എല്ലാ സെക്രട്ടറിമാർക്കും
പോലീസ് ഡയറക്ടർ ജനറൽ
എല്ലാ വകുപ്പ് മേധാവികൾക്കും
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.